**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6474** **10-11-2021 - ൽ മറുപടിയ്ക്ക്**

**നിലം, നഞ്ച, തുടങ്ങിയവ തരംമാറ്റുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡാറ്റാബാങ്കിൽപെടാത്തതും എന്നാൽ രേഖകളിൽ നിലം, നഞ്ച എന്നിങ്ങനെ രേഖപ്പെടുത്തിയ സ്ഥലങ്ങൾ തരംമാറ്റി പുരയിടമാക്കി മാറ്റുന്നതിനുള്ള അപേക്ഷകൾ വില്ലേജ് ഓഫീസിൽ സ്വീകരിച്ച് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് സഹിതം ആർ.ഡി.ഒ യ്ക്ക് നൽകുന്ന തരത്തിലേക്ക് നിലവിലെ രീതിയിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റുന്നത്, ടി നിയമത്തിലെ വകുപ്പ് 27 എ പ്രകാരമുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 12-ലുള്ള വ്യവസ്ഥകൾ പ്രകാരം, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ്, ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിനാൽ, ടി അപേക്ഷകൾ വില്ലേജ് ഓഫീസർ സ്വീകരിച്ച്, റിപ്പോർട്ട് സഹിതം ആർ.ഡി.ഒ.ക്ക് നൽകുന്നത്, നിയമാനുസൃതമല്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് നിയമ ഭേദഗതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ